**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677</u>** **<u>28-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ഇലക്ട്രിക് വാഹനചാർജിംഗ്സ്റ്റേഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷൻ ഏതൊക്കെ സ്ഥലങ്ങളിൽ ആണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഓരോ ചാർജിംഗ് സ്റ്റേഷനിലും എത്ര വാഹനങ്ങൾക്ക് ഒരു സമയം ചാർജ് ചെയ്യാൻ സാധിക്കും എന്നറിയിക്കാമോ; ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിൽ ആണെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ക്രമവുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടു പോകുന്നു. പ്രസ്തുത സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചേരാപുരം<br>2. അരൂർ<br>3. തീക്കുനി<br>4. അയൻച്ചേരി തെരുവ്<br>5. അയൻച്ചേരി നാലോം കൊറോൾ<br>6. കക്കാട് ടൗൺ<br>പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരു സമയം ഒരു വാഹനം മാത്രമേ ചാർജ് ചെയ്യാൻ സാധിക്കുകയുള്ളൂ.<br>ചാർജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | നിലവിലെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണോ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് എന്നറിയിക്കാമോ? | (ബി) | നിലവിലെ ഇലക്ട്രിക് വാഹനങ്ങൾക്ക് അനുസൃത മായും ഭാവിയിലെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കൂടുന്നത് പരിഗണിച്ചുമാണ് ചാർജിംഗ് സ്റ്റേഷനുകൾ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ